"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് - പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് 6 മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.896/2020/LSGD    തീയതി,തിരുവനന്തപുരം, 16/05/2020

---

പരാമർശം 1. 27/09/2018-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ 3.6

2. സ.ഉ.(സാധാ)നം.2725/2018/തസ്വഭവ തീയതി 24/10/2018

3. ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2019-ലെ ബി-638/2019 നമ്പർ കത്ത്.

4. 25/02/2020-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.14

**<u>ഉത്തരവ്</u>**

പരാമർശം (2) ഉത്തരവ് പ്രകാരം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യ 6 മാസത്തേക്ക് പരമാവധി 965/- രൂപ പ്രതിദിനം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് /നഗരസഭകൾക്ക് അല്ലെങ്കിൽ ആർ.ആർ.എഫ്.-ന്റെ ഉടമസ്ഥതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

2. ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് വില്പന നടത്താൻ കഴിയാത്തതിനാൽ 6 മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകണമെന്ന് ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 25/02/2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരിഗണിക്കുകയും സൂചന (2)-ലെ ഉത്തരവിൽ പറയുന്ന നിരക്കിൽ തന്നെ 6 മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാൻ പരാമർശം (4) പ്രകാരം പ്രത്യേക അനുമതി നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 25/02/2020-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സൂചന(2) ഉത്തരവിൽ നിഷ്കർഷിക്കുന്ന നിരക്കിൽ തന്നെ 6 മാസത്തേക്ക് കൂടി ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

നൽകുന്നതിന്  അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർപേഴ്സൻ / സെക്രട്ടറി, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ. /ഇ.&ആർ.എസ്.എ.) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

എക്സിക്യൂട്ടീവ്  ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SMITHA B CHANDRA
Date: 2020.05.18 12:46:13 IST
Reason: Approved

സെക്ഷൻ ഓഫീസർ